LIBRARY ARCHIVES Kerala Legislative Assembly

(15) കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് ലഭിച്ച ഡി.എ., കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും അനുവദിക്കണമെന്ന ആവശ്യം

ശ്രീ. തമ്പാനൂർ രവി : സർ, കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഒരു അടിയന്തിര പ്രശ്നമാണ് ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് കഴിഞ്ഞ 21 മാസമായി ലഭിക്കേണ്ട ന്യായമായ ഡി.എ. ഇതുവരെ ലഭിച്ചിട്ടില്ല. സാധാരണ കേന്ദ്രം ആദ്യം ഡി.എ. പ്രഖ്യാപിക്കും. പിന്നെ സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് കൊടുക്കും, തുടർന്ന് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുക്കും. ഇവിടെ ജൂലൈ 1998-ൽ കേന്ദ്ര ഗവൺമെന്റ് 6 ശതമാനം ഡി.എ. അനുവദിച്ചു. അത് കേരളത്തിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കൊടുത്തു. വീണ്ടും ജനുവരിയിൽ 10 ശതമാനം ഡി.എ. കേന്ദ്രം അനുവദിച്ചു. 1999-ൽ കേരള ഗവൺമെന്റും അനുവദിച്ചു. വീണ്ടും കേന്ദ്രം 5 ശതമാനം ഡി.എ. കൊടുത്തു. അങ്ങനെ ആകെ കേന്ദ്രം 21 ശതമാനം ഡി. എ. അനുവദിച്ചു. അതിൽ സംസ്ഥാന ഗവൺമെന്റ് 16 ശതമാനം ഡി. എ. അനുവദിച്ചു. ആദ്യം കേന്ദ്രവും പിന്നീട് സംസ്ഥാനവും അനുവദിച്ച ആദ്യത്തെ 6 ശതമാനം ഡി.എ. പോലും കഴിഞ്ഞ 21 മാസമായിട്ടും കൊടുക്കുന്നില്ല. കഴിഞ്ഞ സഭയിൽ എന്റെ സുഹൃത്ത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇക്കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഉടനെ തരാമെന്നു പറഞ്ഞതാണ്. പക്ഷേ ഇതുവരേയും തന്നിട്ടില്ല. ഞങ്ങൾ എല്ലാ യൂണിയനുകളുമായും സംസാരിച്ചു. ഇതുവളരെ ന്യായമായിട്ടുള്ള ആവശ്യമാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാരെ രണ്ടുതരം പൗരന്മാരായി കാണാൻ പാടില്ല. അതുകൊണ്ട് കുടിശ്ശികയുള്ള ഡി.എ. അടിയന്തിരമായി കൊടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ.നാണു) : സർ, കെ.എസ്.ആർ.ടി.സി നേരിട്ടുകൊണ്ടിരിക്കുന്ന സാമ്പത്തിക പരാധീനതകൾ നിമിത്തം സർക്കാർ കാലാകാലങ്ങളിൽ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ക്ഷാമബത്ത കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് അതേ കാലയളവിൽ തന്നെ നൽകുവാൻ കഴിഞ്ഞിട്ടില്ല. സർക്കാർ ജീവനക്കാർക്ക് 1-6-1999 മുതൽ അനുവദിച്ച 6 ശതമാനം ഡി.എ. സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് കെ. എസ്.ആർ.ടി.സി. ജീവനക്കാർക്കും നൽകുന്നതാണ്.

(16) കൊച്ചി-മധുര റെയിൽവേ യാഥാർത്ഥ്യമാക്കാൻ നടപടി

ശ്രീ.വി.ജെ. പൗലോസ് : സർ, ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടുന്നതിനുമുൻപ് കേന്ദ്രഗവൺമെന്റും അതുപോലെ തന്നെ റെയിൽവേ ബോർഡും പ്രത്യേക പരിഗണന കൊടുക്കുകയും ശ്രദ്ധ ചെലുത്തുകയും കല്ലിടൽ വരെ നിർവഹിക്കുകയും ചെയ്തിട്ടുള്ളതായ കൊച്ചി-മധുര നിർദ്ദിഷ്ട റെയിൽവേ പാത പിന്നീടു വന്ന കേന്ദ്ര ഗവൺമെന്റും അതുപോലെ സംസ്ഥാന ഗവൺമെന്റും റെയിൽവേ ബോർഡും താല്പര്യമെടുക്കാത്തതുമൂലം നമുക്ക് യാഥാർത്ഥ്യമാക്കുവാൻ കഴിയാതെ പോയി. കൊച്ചി-മധുര റെയിൽവെ പാത യഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കേരളത്തിന്റെ മധ്യഭാഗമായ, വ്യവസായ നഗരമായ, തുറമുഖ നഗരമായ,